പൊളിറ്റിക്കൽ സയൻസ് സീനിയർ	- 137 നിയമനം നടന്നു.
പൊളിറ്റിക്കൽ സയൻസ് ജൂനിയർ	- 177 നിയമനം നടന്നു.
ഹിസ്റ്ററി സീനിയർ	- 65 പേർക്ക് നിയമന ശുപാർശ ലഭിച്ചു.
മലയാളം-സീനിയർ	- 101 പേർക്ക് നിയമനം നടത്തിയിട്ടുണ്ട്.
മലയാളം ജൂനിയർ	- 1 നിയമന ശുപാർശ ലഭിച്ചിട്ടുണ്ട്.
ഇക്കണോമിക്സ് ജൂനിയർ	- 114 നിയമന ശുപാർശ ലഭിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ എച്ച്.എസ്.എ. (സോഷ്യൽ സ്റ്റഡീസ്) റാങ്ക് ലിസ്റ്റ്

82 (7059) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ എച്ച്.എസ്.എ. (സോഷ്യൽ സ്റ്റഡീസ്) നിലവിലെ റാങ്ക് ലിസ്റ്റിൽനിന്നും ഇക്കഴിഞ്ഞ ഒമ്പതുമാസത്തിനുള്ളിൽ എത്ര പേർക്ക് നിയമനം നല്കി എന്നും അത് ആർക്കൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) സ്റ്റാഫ് ഫിക്സേഷൻ യഥാസമയം നടക്കാത്തതിനാലും ഹൈസ്കൂളിൽനിന്നും ഹയർ സെക്കന്ററിയിലേക്ക് നടക്കേണ്ട പ്രൊമോഷനുകൾ കൃത്യമായി നടക്കാത്തതിനാലും കാലാവധി ദീർഘിപ്പിച്ചതിന്റെ പ്രയോജനം ടി റാങ്ക് ലിസ്റ്റിൽ ഉള്ളവർക്ക് കിട്ടാത്ത സാഹചര്യത്തിൽ സ്റ്റാഫ് ഫിക്സേഷനും ഹൈസ്കൂളിൽനിന്ന് ഹയർ സെക്കന്ററിയിലേക്കുള്ള പ്രൊമോഷനും ഈ മാസം തന്നെ പൂർത്തിയാക്കി പ്രസ്തുത റാങ്ക് ലിസ്റ്റിലുള്ളവർക്ക് ഉടൻതന്നെ നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അഞ്ച് പേർക്ക് നിയമനം നൽകി.

1. ലാലി .എൻ., കാവിൻപുറം, പന്തളം പി.ഒ.
2. ഷഹൂഫുന്നിസ .എ., മേനേഴീട്ടുവിളാകം, ചാരോട്ടുകോണം
3. അനിൽകുമാർ .എച്ച്, പ്ലാമൂട്ടുവീട്, തുമ്പുംകോണം, ആര്യനാട് പി.ഒ.
4. പ്രിയങ്ക പി.യു., കുന്നുംപുറത്തുവീട്, ആലംപൊറ്റ, കുറുശ്ശേരി പി.ഒ.

LIBRARY ARCHIVES Kerala Legislative Assembly

5. രജിത എ.ആർ, രജിതാ ഭവൻ, വേളാവൂർ, കോലിയക്കോട് പി.ഒ.

(ബി) 2014-15 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയം യു.ഐ.ഡി. അടിസ്ഥാനമാക്കി നിലവിലെ നിബന്ധനകൾക്ക് വിധേയമായി 2014 ജൂലൈ 15-ന് മുമ്പായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. തസ്തിക നിർണ്ണയം പൂർത്തിയായശേഷം ലഭ്യമായേക്കാവുന്ന ഒഴിവുകൾ നിയമാനുസൃതം നിയമനാധികാരി നികത്തുന്നതും നേരിട്ടുള്ള നിയമനത്തിന് അർഹതയുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള പൊതുനിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

എം.എച്ച്.എസ്..എസ്. മുന്നിയൂരിലെ അദ്ധ്യാപകൻ ശ്രീ. അനീഷ് കെ. കെ. യെ സർവ്വീസിൽനിന്നും പിരിച്ചുവിടൽ

93 (7088) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി സബ്ജില്ലയിലെ എം.എച്ച്.എസ്. എസ്. മുന്നിയൂരിലെ അദ്ധ്യാപകൻ ശ്രീ. അനീഷ്, കെ. കെ.-യെ സർവ്വീസിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ടോ ;

(ബി) ടിയാനെതിരെ നടപടി സ്വീകരിച്ചിട്ടുള്ളത് ഏതെല്ലാം അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് എന്ന് വിശദമാക്കുമോ ;

(സി) അന്വേഷണം നടത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമാണ് ; ഇവരുടെ ഉദ്യോഗപ്പേര് വിശദമാക്കാമോ ;

(ഡി) അന്വേഷണ ഉദ്യോഗസ്ഥർക്ക് എന്തൊക്കെ തെളിവുകളാണ് ടിയാനെതിരെ ലഭിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ഇ) അന്വേഷണ റിപ്പോർട്ടിന്റെയും ഹാജരാക്കിയ തെളിവുകളുടെയും പകർപ്പുകൾ നൽകാമോ ;

(എഫ്) നടപടിക്ക് വിധേയനായ അദ്ധ്യാപകൻ സ്കൂളിലെ മറ്റെങ്കിലും ജീവനക്കാരുമായി വാക്കുതർക്കമോ, അടിപിടിയോ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ ആരുമായിട്ടാണ് ;

(ജി) ഇതിൽ ആർക്കെങ്കിലും പരിക്കേറ്റിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആർക്കാണ് പരിക്കേറ്റത് ;

(എച്ച്) പരിക്കേറ്റ കക്ഷിയെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തിട്ടുണ്ടോ ; എങ്കിൽ എത് ആശുപത്രിയിൽ എത്ര ദിവസം ;

(ഐ) ചികിത്സിച്ച ഡോക്ടറുടെ പേരും യോഗ്യതകളും വിശദമാക്കാമോ ;

(ജെ) എന്തെല്ലാം പരിക്കുകളാണ് ഡോക്ടർ കണ്ടെത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ ; മെഡിക്കൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly